**1007/1B1/LMAL01** **NOVEMBER 2016**

## Paper I — PROSE

(For those who joined in July 2010 and after)

Time : Three hours Maximum : 100 marks

### PART A — ($5 \times 6 = 30$ marks)

ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും 100 വാക്കിൽ കവിയരുത്.

1. ബാല്യകാലത്തെ അവതരിപ്പിക്കുന്നതിൽ ബഷീറിനുള്ള വൈദഗ്ദ്യം ഉദാഹരണ സഹിതം വിശദീകരിക്കുക.

2. പെൺകുട്ടി കഥാനായകനെ ആശ്ചര്യപ്പെടുത്തുന്നതെങ്ങനെ? സന്ദർഭമെഴുതി വിശദമാക്കുക.

3. സി.വി. യുടെ രചനാസവിശേഷത ചന്ത്രക്കാരനെ അവതരിപ്പിക്കുന്നതിലൂടെ വ്യക്തമാകുന്നതെങ്ങനെ?

4. മജീദിന്റെ ഉപ്പയെ ബഷീർ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ?

5. മനുഷ്യത്വം ഇല്ലാതായിത്തീരുന്നതിനെക്കുറിച്ചാണ് ഭ്രാന്താലയം സംസാരിക്കുന്നത് – വ്യക്തമാക്കുക.

6. 'ദൈവപടത്തിന്റെ ചില്ലുകൾ മുറിച്ചിട്ട മുടിയുടെ കുമ്പാരത്തിൽ തുള്ളിത്തു കയറി എഴുന്നുനിന്നു' – സന്ദർഭമേത്?

7. മതങ്ങളെക്കുറിച്ചുള്ള ബഷീറിന്റെ കാഴ്ചപ്പാട് പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

PART B — (4 × 10 = 40 marks)

ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും 200 വാക്കിൽ കവിയരുത്.

8. മനുഷ്യ ജീവിതത്തിലെ വ്യത്യസ്ത സന്ദർഭങ്ങളെ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥ വിശകലനം ചെയ്യുന്നതെങ്ങനെ? വിശദീകരിക്കുക.

9. വ്യക്തി സ്വഭാവത്തിലെ വിവിധ തലങ്ങളെ സമീപിക്കുന്നതിൽ പത്മനാഭൻ പുലർത്തുന്ന വൈദഗ്ദ്ധ്യം പ്രകാശം പരത്തുന്ന ഒരു പെൺകുട്ടിയെ ആസ്പദമാക്കി വിശദീകരിക്കുക.

10. 'മനുഷ്യത്വത്തിന്റെ നിർദ്ദയമായ കൊലപാതകം അവിടെ പൂർത്തിയാകുന്നു' – ലേഖകൻ ഇങ്ങനെ പറയുന്നതെപ്പോഴാണ്?

11. അനന്ത പത്മനാഭന്റെ പ്രച്ഛന്ന വേഷങ്ങളെക്കുറിച്ച് ലേഖകൻ പുലർത്തുന്ന നിലപാടുകൾ എന്ത്?



12. മുടിത്തെയ്യമുറയുന്നു എന്ന കഥയിൽ സമൂഹത്തെ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

13. വ്യക്തിയുടെ മാനസിക പ്രതികരണങ്ങൾ വിലയിരുത്തുന്നതിൽ കാരൂർ എത്രത്തോളം വിജയിച്ചിരിക്കുന്നു?

PART C — (2 × 15 = 30 marks)

രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും 300 വാക്കിൽ കവിയരുത്.

14. ഇന്ദുലേഖയിൽ ഘടനാപരമായ അസന്തുലിതത്വം വളരെ പ്രകടമാണെന്നു പറയുന്നതെന്തുകൊണ്ട്?

15. ചങ്ങമ്പുഴയുടെ രചനാസവിശേഷതകളെക്കുറിച്ചുള്ള ലേഖകന്റെ നിലപാടുകൾ വ്യക്തമാക്കുക.

16. തറവാടിത്തത്തിന്റെ പൊങ്ങച്ചങ്ങളിൽ നിന്നുള്ള മോചനം കുഞ്ഞിപ്പാത്തുമ്മയുടെ കുടുംബത്തിനാവശ്യമായിരുന്നു എന്നു സമർത്ഥിക്കുന്നതെങ്ങനെ?

———————

**1008/1B2/LMAL02** **NOVEMBER 2016**

# POETRY AND ATTAKKATHA

(For those who joined in July 2010 and after)

Time : Three hours Maximum : 100 marks

## PART A — (5 × 6 = 30 marks)

ഓരോന്നിനും 100 വാക്കിൽ കവിയാതെ അഞ്ചെണ്ണത്തിന്റെ സന്ദർഭവും ആശയവും വ്യക്തമാക്കുക.

1. തവ വാചികം അഴൽ മോചകം
   കർണ്ണമാരചയ പുണ്യലേശയുക്തം

2. തീർന്നു സങ്കടം, സാമ്പ്രതം വന്നു
   ചേർന്നു മംഗലം പൂർണ്ണമായ്

3. അടിക്കുന്നുണ്ടെന്നാലു
   മെൻ നെഞ്ചിലാരോ കൊട്ടു-
   വടികൊണ്ടിപ്പോളേതോ
   കൂരാണിയിളക്കുവാൻ

4. നിറുത്തിടല്ലേ നിൻ നൃത്തം
   ഫണമുയർത്തി നിർത്താനാവോളം.

5. അശങ്കമാ മാനി വൃഷാങ്കശിഷ്യ-
നമർഷവേഗത്തി നധീനനായി,
അച്ഛൻ കൊടുത്തോരു കൊടും കുഠാരം
മകന്റെ നേർക്കക്ഷണമാഞ്ഞു വിട്ടു.

6. ഇത്തിരിക്കണ്ണിമവെട്ടാതെ വീശുന്നു
മത്തേഭവൃന്ദം പെരും മുറക്കാതുകൾ.

7. വിധിവിഹിതമശനമിഹ നൂനമദ്യത്വയാ
വീരാ! വിശപ്പെനിക്കേറ്റമുണ്ടോർക്കനീ

PART B — (4 × 10 = 40 marks)

ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോന്നും 200 വാക്കിൽ കവിയരുത്.

8. 'ഉള്ളടക്കത്തിലും ശൈലിയിലും ദ്രാവിടഭാഷാപാരമ്പര്യം പുലർത്തുന്ന കൃതിയാണ് തിരുനിഴൽമാല' – വിശദമാക്കുക.

9. ഭാരത പൗരനെന്ന നിലയിൽ പരശുരാമനെ വള്ളത്തോൾ അവതരിപ്പിക്കുന്നതിന്റെ സാംഗത്യം വ്യക്തമാക്കുക.

10. പിതാവിന്റെ പശ്ചാത്താപ വിവശമായ ഹൃദയം പെരുന്തച്ചൻ എന്ന കവിതയിൽ അവതരിപ്പിക്കുന്നതെങ്ങനെ?



11. ശാന്തയെന്ന കവിതയിൽത്തെളിയുന്ന കുടുംബ ചിത്രം വ്യക്തമാക്കുക.

12. നളചരിതം ഒന്നാം ദിവസത്തിലെ ഹംസത്തെക്കുറിച്ച് ഉപന്യസിക്കുക.

13. 'എന്റെയല്ലെന്റെയല്ലീ കൊമ്പനാനകൾ, എന്റെയല്ലീ
മഹാ ക്ഷേത്രവും മക്കളേ' എന്ന വരികൾ നിസ്സഹായതയെയാണു കാണിക്കുന്നത് – വിശദമാക്കുക.

PART C — (2 × 15 = 30 marks)

രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ഉത്തരവും 300 വാക്കിൽ കവിയരുത്.

14. എഴുത്തച്ഛന്റെ വർണ്ണനാ പാടവം സുന്ദരകാണ്ഡത്തെ ആസ്പദമാക്കി വിലയിരുത്തുക.

15. നളചരിതത്തിന് ആട്ടക്കഥാ സാഹിത്യത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.

16. ആധുനിക മലയാള കവിതയുടെ സവിശേഷതകൾ പഠിക്കാനുള്ള കവിതകളെ ആസ്പദമാക്കി വിവരിക്കുക.

---

**1009/1B3/LMAL03** **NOVEMBER 2016**

## Paper III — HISTORY OF MALAYALAM LITERATURE

(For those who joined in July 2010 and after)

Time : Three hours Maximum : 100 marks

### PART A — ($5 \times 6 = 30$ marks)

ഓരോന്നിനും 100 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. നൈഷധം ചമ്പുവിന്റെ പ്രത്യേകതകൾ വിശദമാക്കുക.

2. ആശാനെ സ്നേഹഗായകൻ എന്നു വിളിക്കുന്നതെന്തുകൊണ്ട്?

3. സന്ദേശകാവ്യങ്ങൾ എന്നാലെന്ത്?

4. ലീലാതിലകത്തിന് മലയാള സാഹിത്യത്തിലുള്ള പ്രസക്തിയെന്ത്?

5. 'പാട്ടബാക്കി' യ്ക്ക് നാടക ചരിത്രത്തിലുള്ള സ്ഥാനമെന്ത്?

6. പുന്താനത്തിന്റെ കവിതകളുടെ പ്രത്യേകതകൾ എഴുതുക.

7. ആദ്യകാല മണിപ്രവാള കൃതികളുടെ പൊതു സ്വഭാവമെഴുതുക.

## PART B — (4 × 10 = 40 marks)

ഓരോന്നിനും 200 വാക്കിൽ കവിയാതെ നാല് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

8. നാടൻ പാട്ടുകളുടെ സവിശേഷതകൾ എന്തെല്ലാം? വിവരിക്കുക.

9. മണിപ്രവാള കവിതകൾ സ്ത്രീ വർണ്ണനയ്ക്ക് പ്രാധാന്യം നൽകിയത് എന്തുകൊണ്ട്?

10. പ്രാസവാദം മലയാള സാഹിത്യത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയെന്നു പറയുന്നതെന്തുകൊണ്ട്?

11. മലയാള ഗദ്യത്തിന്റെ പരിണാമത്തിൽ മിഷണറിമാർ വഹിച്ച പങ്കെന്ത്?

12. 'പുതുമലയാണ്മതൻ മഹേശ്വരൻ' എന്ന് വള്ളത്തോൾ എഴുത്തച്ഛനെ വിശേഷിപ്പിച്ചതിന് കാരണമെന്ത്?

13. 'ഖസാക്കിന്റെ ഇതിഹാസ'ത്തിന് നോവൽ ചരിത്രത്തിലുള്ള സ്ഥാനം അടയാളപ്പെടുത്തുക.



## PART C — (2× 15 = 30 marks)

ഓരോന്നിനും 300 വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

14. മലയാള നാടകത്തിന്റെ വികാസപരിണാമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

15. നോവൽ പ്രസ്ഥാനത്തിൽ കേശവ ദേവിനും തകഴിയ്ക്കുമുള്ള സ്ഥാനം പരിശോധിക്കുക.

16. കുഞ്ചൻ നമ്പ്യാരുടെ കൃതികൾ അക്കാലത്തെ സമൂഹ ചിത്രം വ്യക്തമാക്കുന്നതെങ്ങനെ? വിശദമാക്കുക.

———————

**1010/1B4/LMAL04** **NOVEMBER 2016**

# Paper IV — DRAMA, FOLKLORE AND GENERAL ESSAY

(For those who joined in July 2010 and after)

Time : Three hours Maximum : 100 marks

## PART A — (5 × 6 = 30 marks)

ഓരോന്നിനും 100 വാക്കിൽ കവിയാതെ അഞ്ചെണ്ണത്തിന്റെ സന്ദർഭവും ആശയവും വ്യക്തമാക്കുക

1. 'സന്യാസി വേഷം ചമഞ്ഞു പോയാൽ
   വീട്ടിൽ കയറീട്ടു മരിക്കരുതേ.'

2. 'പുത്തൂരം വീട്ടിലെ ദു:ഖങ്ങളും
   അനന്തനൊഴിഞ്ഞാർക്കും ചൊല്ലിക്കൂടാ'

3. ഇരു മുലച്ചി പെറ്റ മക്കളിലെ
   ഇവർക്കു ശരിയൊത്ത മക്കളുണ്ടോ?

4. 'ആണും പെണ്ണും അരങ്ങത്തുവെച്ച് പിടിയും വലിയും കാട്ടിക്കൂട്ടുന്ന നാടകമേ നാടകമാവൂ എന്നുണ്ടോ?'

5. 'കുഞ്ഞ്യെളെ പോറ്റാൻ ആവാത്തോൻ കുഞ്ഞ്യെളെ ഉണ്ടാക്കരുത്'.

6. 'കുഞ്ഞി ചക്രശ്വാസം വലിക്കുമ്പൊ ഇങ്ങനെ ഇല്ലാപ്പാട്ട് പാട്യാമതിയോ? എന്തെങ്കിലും ഒരു വഴി ഉണ്ടാക്കണം'

7. 'ആരും ആരെയും വഞ്ചിക്കാത്ത, എല്ലാവരും സുഖമായി ജീവിക്കുന്ന ഒരു വലിയ തറവാടാണ് എന്റെ സ്വപ്നം'.

PART B — (4 × 10 = 40 marks)

ഓരോന്നിനും 200 വാക്കിൽ കവിയാതെ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.

8. 'നാടൻ പാട്ടുകൾ സാമൂഹിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടികളാണ്' – പുത്തരിയങ്കത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

9. പുത്തരിയങ്കത്തിനു പുറപ്പെട്ട ആരോമൽച്ചേകവർ കണ്ട ദുശ്ശകുനങ്ങൾ എന്തെല്ലാമായിരുന്നു?

10. അങ്കപ്പുറപ്പാടിനെക്കുറിച്ച് സാമാന്യമായി വിവരിക്കുക.

11. കേളു എന്ന നാടകത്തിൽ പി. കുഞ്ഞിരാമൻ നായർക്കുള്ള സ്ഥാനം പരിശോധിക്കുക.

12. മീനാക്ഷി എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? വിശദീകരിക്കുക.

13. ഗാന്ധിജിയുടെ ആദർശങ്ങൾ നടപ്പിലാക്കാനുള്ള കേളു നായരുടെയും കൂട്ടരുടെയും ശ്രമം എങ്ങനെയായിരുന്നു? – ചർച്ച ചെയ്യുക.



PART C — (2 × 15 = 30 marks)

ഓരോന്നിനും 300 വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

14. വികസനവും ദാരിദ്ര്യവും

15. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം

16. ഭരണഭാഷയും മലയാളവും.